**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 916** **26-07-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര കുടിവെള്ള പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കരവാരം- പുളിമാത്ത്- നഗരൂർ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി പൊന്നും വിലയ്ക്ക്സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കരവാരം, പുളിമാത്ത്, നഗരൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണറും, വാട്ടർ ടാങ്കും നിർമ്മിക്കുന്നതിനുവേണ്ടി വാമനാപുരം വില്ലേജിലെ സർവ്വേ നം. 853/2-ൽപ്പെട്ട 25 സെന്റ് സ്ഥലവും, ഉപരിതലജലസംഭരണിയുടെ നിർമ്മാണത്തിനായി നഗരൂർ വില്ലേജിലെ വണ്ടിത്തടത്തുനിന്നും സർവ്വേ നം 10/13-ൽപ്പെട്ട 15 സെന്റ് സ്ഥലവും പൊന്നുംവിലയ്ക്കെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നതും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി 2013 ലെ എൽ.എ.ആർ.ആർ ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22.01.2021-ലെ 268 നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് |
| (ബി) | ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും, പ്രസ്തുത സ്കെച്ച് പരിശോധനയ്ക്കും, അംഗീകാരത്തിനുമായി ജില്ലാ സർവ്വേ വിഭാഗത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. സ്കെച്ചിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും, തുടർന്ന് സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ് |
| (സി) | വക്കം വില്ലേജിലെ പുതിയ വില്ലേജ് ഓഫീസ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയത് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | വക്കം വില്ലേജ് ഓഫീസ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. വക്കം വില്ലേജ് ഓഫീസ് നിർമ്മാണം സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആഗസ്റ്റ് മാസം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ